സിവിൽ സ്റ്റേഷനുകളും മിനി സിവിൽ സ്റ്റേഷനുകളും

133(1199) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ബഡ്ജറ്റുകളിൽ, എവിടെയൊക്കെ സിവിൽ സ്റ്റേഷനുകളും മിനി സിവിൽസ്റ്റേഷനുകളും പ്രഖ്യാപിച്ചിരുന്നു എന്ന് വിശദമാക്കാമോ;

(ബി) ഇവയ്ക്കായി ബഡ്ജറ്റിൽ ഓരോ വർഷവും എത്ര തുക വീതം വകകൊള്ളിച്ചിരുന്നു; അതിൽ എത്ര ചെലവഴിച്ചു ;

(സി) പ്രഖ്യാപിച്ചിരുന്നവയിൽ ഏതെല്ലാം സ്റ്റേഷനുകളുടെ പണി തുടങ്ങുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

134(1200) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനിയിൽ ബൈപാസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ). കോഴിക്കോട് ജില്ലയിൽ കൊടുവള്ളി നിയോജക മണ്ഡലത്തിൽ നരിക്കുനി ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് പുതിയ എൽ.എ. ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുള്ളതിനാൽ പുതിയ ആക്ട് പ്രകാരം അർത്ഥന സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭൂവുടമകൾ സമ്മതം നൽകുകയാണെങ്കിൽ പർച്ചേസ് കമ്മിറ്റി ചേർന്ന് വില നിർണ്ണയിച്ച് സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി എടുക്കുന്നതിന് ഭൂവുടമകൾ സമ്മതം നൽകിയില്ലെങ്കിൽ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly